ഉത്തരം

(എ) കേന്ദ്ര ഗവൺമെന്റ് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെയും ആവശ്യമായ സാമ്പത്തിക ലഭ്യതയുടെയും അടിസ്ഥാനത്തിൽ ഇക്കാര്യം ഗവൺമെന്റ് ഘട്ടം ഘട്ടമായി നടപ്പാക്കി വരികയാണ്. ഇങ്ങനെ നടപ്പാക്കിയ കൂട്ടത്തിൽ മലയോരപ്രദേശങ്ങളായ ഇടുക്കി, വയനാട്, പത്തനംതിട്ട എന്നീ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും തൊടുപുഴ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചും ദേവികുളം, അട്ടപ്പാടി, മാനന്തവാടി എന്നീ സ്ഥലങ്ങളിൽ എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആൻറ് അസിസ്റ്റൻറ് ബ്യൂറോകളും ഉൾപ്പെടുന്നു.

(ബി) ഇല്ല.

കിളിമാനൂർ നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ വിതരണം ചെയ്ത തൊഴിലില്ലായ്മ വേതനം

1653 [2477] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പു മന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിലെ മടവൂർ, പള്ളിക്കൽ, കിളിമാനൂർ, മുദാക്കൽ, കരവാരം, പുളിമാത്ത്, നാവായിക്കുളം, നഗരൂർ, പഴയകുന്നുമ്മേൽ എന്നീ പഞ്ചായത്തുകളിൽ 1980–81, 1981–82, 1982–83, 1983–84, 1984–85, 1985–86 എന്നീ സാമ്പത്തികവർഷങ്ങളിൽ എത്രപേർക്കു വീതം തൊഴിലില്ലായ്മ വേതനം ലഭിച്ചിട്ടുണ്ടെന്നു പ്രത്യേകം പ്രത്യേകം വ്യക്തമാക്കുമോ;

(ബി) അവരിൽ ഓരോ വർഷവും തൊഴിലില്ലായ്മവേതനം ലഭിച്ചിട്ടുള്ളവരിൽ സ്ത്രീകളും, പട്ടികജാതി-പട്ടികവർഗക്കാർ എന്നീ ഓരോ വിഭാഗത്തിലും പെട്ടവർ എത്രവീതം?

ഉത്തരം

(എ, ബി) തൊഴിലില്ലായ്മ വേതനം ലഭിച്ചവരുടെ പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള കണക്കുകൾ ലഭ്യമല്ല. ഇതിനുള്ള അപേക്ഷകൾ സ്വീകരിക്കുന്നതും അനന്തര നടപടികളും കൈക്കൊള്ളുന്നതും വില്ലേജ് അടിസ്ഥാനത്തിലാണ്.

തൊഴിലില്ലായ്മ വേതന കുടിശ്ശിക

1654 [2478] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യത്തിന് തൊഴിൽ വകുപ്പു മന്ത്രി സഭയിൽ മറുപടി നൽകുമോ:

തൊഴിലില്ലായ്മവേതന കുടിശ്ശിക മുഴുവനും 30–11–1986-നകം നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly